LIBRARY ARCHIVES Kerala Legislative Assembly

മൃഗസംരക്ഷണ വകുപ്പിലെ പദ്ധതികൾ

176 (3012) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം മൃഗസംരക്ഷണ വകുപ്പിൽ വിവിധ ബഡ്ജറ്റുകളിലായി പ്രഖ്യാപിക്കപ്പെട്ട പുതിയ പദ്ധതികൾ/പരിപാടികൾ നടപ്പാക്കാൻ കഴിയാതെ പോയിട്ടുണ്ടോ ; വിശദീകരിക്കാമോ;

(ബി) പദ്ധതികൾ നടപ്പാക്കാൻ കഴിയാത്തതിന്റെ ഫലമായി എത്ര രൂപ ലാപ്സായിപ്പോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2012-13 സാമ്പത്തികവർഷം മീനങ്ങാടി, കോയിപ്പാടി എന്നിവിടങ്ങളിൽ ആരംഭിക്കാനിരുന്ന, പുതിയ തീറ്റപ്പുൽ മില്ലിംഗ് പ്ലാന്റുകൾ സ്ഥലത്തിന്റെ ലഭ്യതക്കുറവ് കാരണം നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. 2013-14 സാമ്പത്തിക വർഷം മീറ്റ്സ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ കീഴിൽ ചാലക്കുടിയിൽ സ്ഥാപിക്കുവാനിരുന്ന അത്യാധുനിക കോഴി ഇറച്ചി സംസ്കരണ യൂണിറ്റ് കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരം പരിസ്ഥിതി ലോലപ്രദേശമായതിനാൽ നടപ്പിലാക്കുവാൻ കഴിഞ്ഞില്ല.

(ബി) 2012-13-ൽ 2.5 കോടി രൂപയും 2013-14-ൽ 36 കോടി രൂപയും ലാപ്സായിപ്പോയിട്ടുണ്ട്.

തിരുവണ്ടൂരിലെ ഹൈടെക് കാലിത്തീറ്റ ഫാക്ടറി

177 (3013) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിൽ തിരുവണ്ടൂരിൽ പ്രവർത്തനം ആരംഭിച്ച ഹൈടെക് കാലിത്തീറ്റ ഫാക്ടറിയിലേയ്ക്ക് ഏതെല്ലാം തസ്തികകളിൽ നിയമനം നടത്തുന്നതിനാണ് സർക്കാർ ഓൺലൈൻ അപേക്ഷ ക്ഷണിച്ചത്; വിശദമാക്കാമോ;

(ബി) അപേക്ഷ ക്ഷണിച്ചിട്ടുള്ള വിവിധ തസ്തികകളിൽ ഇതുവരെ ഓൺലൈനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ എത്ര; തസ്തിക തിരിച്ച് അപേക്ഷകരുടെ പേര്, വിലാസം എന്നിവ വ്യക്തമാക്കി പട്ടിക ലഭ്യമാക്കാമോ;